(ഡി) ഇല്ല.

(ഇ-ജെ) ഉദിക്കുന്നില്ല.

ഉള്ളൂരിന്റെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ നടപടി

78 (1132) ശ്രീ. മഞ്ഞാളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒന്നാമത്തെ കേരള നിയമസഭ, ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവിത്രയങ്ങളുടെ ജന്മഗൃഹങ്ങൾ ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കാൻ തീരുമാനിച്ചിരുന്നുവോ ;

(ഡി) വിവിധ കാരണങ്ങളാൽ നീണ്ടുപോയ തീരുമാനം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മഹാകവി ഉള്ളൂരിന്റെ ജന്മഗ്രഹം എന്നത്തേക്ക് ചരിത്ര സ്മാരകമായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ജന്മഗൃഹം ചരിത്ര സ്മാരകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാർഷികോല്പന്ന കയറ്റുമതിമേഖലയുടെ പ്രവർത്തനം

79 (1133) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷികോല്പന്ന കയറ്റുമതി മേഖലയുടെ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഈ മേഖലയുടെ പ്രവർത്തനം ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നാളിതുവരെ കാർഷികോൽപ്പന്ന കയറ്റുമതി മേഖലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര സംഘങ്ങളെ തെരഞ്ഞെടുത്തു എന്നും അവയ്ക്ക് ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു എന്നു അവയെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ മേൽപ്പറഞ്ഞതരത്തിൽ തെരഞ്ഞെടുത്ത സംഘങ്ങളേതെന്നും അവയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെയുള്ള അവയുടെ പ്രവർത്തനം എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തിയാണ് പഴം, പച്ചക്കറിക്ക് വേണ്ടിയുള്ള കാർഷിക കയറ്റുമതി മേഖല രൂപീകരിച്ചിരിക്കുന്നത്. പച്ചക്കറി, വാഴ, കൈതച്ചക്ക എന്നീ വിളകളെ ഉൾപ്പെടുത്തിയുള്ള കയറ്റുമതി മേഖലയാണ് രൂപീകരിച്ചിട്ടുള്ളത്.

(സി&ഡി) നാളിതുവരെ കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സംഘങ്ങളൊന്നും തന്നെ തെരഞ്ഞെടുത്തിട്ടില്ല.

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

80 (1134) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 വർഷത്തിൽ കാറ്റിന്റെയും മഴയുടെയും ഫലമായി കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം കൃഷിയാണ് നഷ്ടപ്പെട്ടു പോയതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഫലമായി ആകെ എന്തു തുകയുടെ കൃഷിനാശം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) എത്ര തുക സഹായധനമായി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 വർഷത്തിൽ കാറ്റിന്റെയും മഴയുടെയും ഫലമായി കോഴിക്കോട് ജില്ലയിൽ ഉള്ളേരി ചെക്യാട്, കുരാച്ചുണ്ട്, കോട്ടഞ്ചേരി, കൊയിലാണ്ടി, തുറയൂർ, പച്ചോളി, മടവൂർ, കായപ്പൊടി, രാമനാട്ടുകര, കോട്ടൂർ, വേളം കാവിലുംപാറ, കക്കോടി, വില്യാപ്പള്ളി, ചേളന്നൂർ, മരുങ്ങോകര, ഒളവണ്ണ എന്നീ പ്രദേശങ്ങളിൽ തെങ്ങ്, വാഴ, കമുക്, കശുമാവ്, റബ്ബർ, കുരുമുളക്, മരച്ചീനി, നെല്ല് എന്നീ വിളകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്.

(ബി) ഇതിന്റെ ഫലമായി ആകെ 46,18,320 രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) 2003 വർഷത്തിലുണ്ടായ കൃഷി നാശത്തിന് സഹായധനം നൽകാനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly